(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കർമ്മ പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഉണ്ട്.

(ബി) 2015-16 സാമ്പത്തികവർഷം ജലസംരക്ഷണം, ജലകൊയ്ത്ത്, ചെറുകിട ജലസേചനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം, വനവത്ക്കരണം, ഹോർട്ടികൾച്ചർ, കാർഷിക-അനുബന്ധ മേഖലകൾ, റോഡുനിർമ്മാണം, സാനിട്ടേഷൻ, ഐ.എ.വൈ. ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിലായി 2,30,186.47 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 7,10,122 പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) നിയമം അനുശാസിക്കുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മുൻ എം.എൽ.എ. ശ്രീ. എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിലേക്കായി ഒട്ടേറെ നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചു കഴിഞ്ഞിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിച്ച് കൂടുതൽ ആസ്തികൾ സൃഷ്ടിക്കുവാനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

തടവിലാക്കപ്പെട്ട മലയാളികളെ രക്ഷപ്പെടുത്താൻ നടപടി

8 (*128) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ മാത്രം 11500 ഇൻഡ്യക്കാർ ജയിലുകളിൽ കഴിയുന്നതായ കേന്ദ്രസർക്കാരിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇവരിൽ എത്രപേർ മലയാളികളാണെന്നും അവരുടെ പേരിൽ ഏതുതരമുള്ളാത്ത കുറ്റങ്ങൾ ചുമത്തപ്പെട്ടവർ എത്ര പേരുണ്ടെന്നുള്ളും സംബന്ധിച്ച വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ;

(സി) മറ്റു രാജ്യങ്ങളിൽ മലയാളികൾ തടവിലാക്കപ്പെട്ടിട്ടുണ്ടോ എന്നത് കൂടി അന്വേഷിക്കുകയും തടവിലാക്കപ്പെട്ട നിരപരാധികളെ രക്ഷപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ&ബി) യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ ഇന്ത്യാക്കാർ ജയിലുകളിൽ കഴിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട വിദേശ രാജ്യങ്ങളിലെ സർക്കാരോ ഇന്ത്യൻ എംബസിയോ ഇതുസംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടില്ല.

(സി) വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയോ ആ രാജ്യത്തെ സർക്കാരോ ലഭ്യമാക്കാറില്ല. ജയിലുകളിൽ കഴിയുന്ന പ്രവാസി കേരളീയരെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽനിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിനുപുറമെ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന മലയാളികളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി നിയമ സഹായമാവശ്യമായ വ്യക്തി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിലെ എംബസികൾക്കും കേസ്സുകൾ റഫർ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly